# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാളകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/EKM/P14/1158/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാളകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/EKM/P14/1158/2021 തീയ്യതി: 03/02/2022

## എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 06-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി മോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനീത് ആർ,ഓഡിറ്റ് ഓഫീസർ

ശ്രീ.ഷൈജു മാത്യു,ഓഡിറ്റ് ഓഫീസർ.

ശ്രീ.അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീ.പ്രവീൺ വി എൻ,ഓഡിറ്റർ.

ശ്രീമതി.സ്വപ്ന വി,ഓഡിറ്റർ.

ശ്രീ.മുഹമ്മദ് ഷാഫി വി എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലീല ബാബു | പ്രസിഡന്റ് | 01-04-2020 | 15-10-2020 |
| ശ്രീമതി.എം.എം.സുബൈദ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഭിത നായർ സി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.യമുന ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മീര പി ബി | കൃഷി ഓഫീസർ | 01-04-2020 | 10-03-2021 |
| ശ്രീമതി.വിദ്യ സോമൻ | കൃഷി ഓഫീസർ | 10-03-2021 | 31-03-2021 |
| ശ്രീമതി.ദർശിനി ഷിബു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-06-2020 |
| | | 07-10-2020 | 31-03-2021 |
| ശ്രീമതി.രമ്യ വി എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-07-2020 | 06-10-2020 |
| ഡോ.സോമോൾ എബ്രഹാം | വെറ്റിനറി സർജൻ | 01-04-2020 | 17-01-2021 |
| ഡോ.ഷാജി പൗലോസ് | വെറ്റിനറി സർജൻ | 18-01-2021 | 31-03-2021 |
| ഡോ.കമൽജിത്ത് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ.വന്ദന ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.അമ്പിളി പി നായർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലത അബ്രഹാം | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.മെറീന പോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-01-2021 |
| ശ്രീമതി.സുപ്രിയ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2021 | 31-03-2021 |
| ശ്രീമതി.മായ കെ വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.അന്ന നായർ | വി.ഇ.ഒ. | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Praveen V.N (Auditor, On 29-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aneesh R (Auditor, On 14-08-2021)<br>Last Updated By: Shaiju Mathew (Audit Officer, On 31-08-2021) | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Aneesh R (Auditor, On 14-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-2-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneesh R (Auditor, On 14-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaiju Mathew (Audit Officer, On 15-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shaiju Mathew (Audit Officer, On 15-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiju Mathew (Audit Officer, On 15-08-2021)<br>Last Updated By: Bindu L (Computer Assistant, On 04-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Praveen V.N (Auditor, On 16-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Muhammed Shafi V M (Auditor, On 17-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh R (Auditor, On 27-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Aneesh R (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-11 |
| 13 | സ്റ്റേഷനറി, ഫോമുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: Praveen V.N (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്<br>Written By: Muhammed Shafi V M (Auditor, On 03-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-01-2022) | 1-13 -A |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 04-01-2022) | 1-13-B |
| 16 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Muhammed Shafi V M (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 1-14 |

| | | |
|---|---|---|
| 17 | ക്രമവൽക്കരണ ഫീ ഈടാക്കിയതിൽ കുറവ് (2020-21)<br>Written By: Swapna.V (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 1-15 |
| 18 | ലൈസൻസ്- അപാകതകൾ<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 1-16 |
| 19 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Aneesh R (Auditor, On 28-08-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-02-2022) | 1-17 |
| 20 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ ) - പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് - ജില്ലാ ശുചിത്വമിഷന്റെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Aneesh R (Auditor, On 29-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 1-18 |
| 21 | ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രവൃത്തികൾ നടപ്പാക്കൽ - അപാകതകൾ<br>Written By: Aneesh R (Auditor, On 28-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 1-19 |
| 22 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Aneesh R (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-20 |
| 23 | വിവിധ ഉദ്ദേശ ഗ്രാന്റുകൾ ഫലപ്രദമായി ചെലവഴിക്കുന്നില്ല<br>Written By: Aneesh R (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-21 |
| 24 | ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Praveen V.N (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 1-22 |
| 25 | കോ-ഓഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-23 |
| 26 | പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 02-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-24 |
| 27 | മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Aneesh R (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh R (Auditor, On 25-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Aneesh R (Auditor, On 26-08-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 29-11-2021) | |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Aneesh R (Auditor, On 27-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh R (Auditor, On 27-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 29-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiju Mathew (Audit Officer, On 01-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiju Mathew (Audit Officer, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 10-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 27.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1):ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19-02-2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 49,37,616 | 95,13,868 | (+)45,76,252 |
| വരവ് | 17,16,95,421 | 8,14,12,798 | (-)9,02,82,623 |
| ആകെ | 17,66,33,037 | 9,09,26,666 | (-)8,57,06,371 |
| ചെലവ് | 17,58,61,488 | 8,18,88,175 | (-)9,39,73,313 |
| നീക്കിയിരുപ്പ് | 7,71,549 | 90,38,491 | (+)82,66,942 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 9.02 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 9.39 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 52% -ൽ കുറവാണ് വാർഷികധനകാര്യപത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 53% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 12,50,000 | 9,48,400 | 3,01,600 |
| വസ്തു നികുതി | 38,00,000 | 35,29,039 | 2,70,961 |
| ഡി & ഒ ലൈസൻസ് | 1,10,000 | 43,630 | 66,370 |
| വാടക | 3,30,000 | 3,08,163 | 21,837 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് യഥാർത്ഥ്യാധിഷ്ഠിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 07.06.2021 |

### 1-2-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാളകം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പഞ്ചായത്തിന്റെ വാഹനം ഭരണസമിതിയുടെ 25.01.2020ലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം Condemnation ചെയ്ത് ലേലം നടത്തുന്നതിന് തീരുമാനിക്കുകയും, 25.02.2020ലെ 11902010531 നം. രസീത് പ്രകാരം 55,900/- രൂപ ലേലം

ചെയ്ത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 2020-21 സാമ്പത്തിക വർഷത്തിലും Movable Assets- Vehcles (410710102) എന്ന ഹെഡ്ഡിൽ നിന്നും ടി വാഹനത്തിന്റെ മൂല്യം നീക്കം ചെയ്യുന്നതിന് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

2) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന തുക ഡിമാന്റ് ചെയ്ത് ഇന്കം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൻവർഷം ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2) ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 9513868.20 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 81412798.00 |
| ആകെ | | 90926666.20 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 81888175.00 |
| നീക്കിയിരിപ്പ് | | 9038491.20 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1455.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 140000 |

## 1-4 ഫണ്ടു വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 12402165 | 12402165 | 11946838 | 455327 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 2324104 | 2324104 | 2324104 | 0 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 129000 | 129000 | 50000 | 79000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13563932 | 13563932 | 9631170 | 3932762 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 31206000 | 31206000 | 31206000 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 3456681 | 3456681 | 3456681 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക | 89394 | 487928 | 577322 | 577322 | 0 |

| | | | | | |
|---|---|---|---|---|---|
| പോഷകാഹാരം) | | | | | |
| സാനിട്ടേഷൻ | 487293 | 0 | 487293 | 212000 | 275293 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 2154370 | 2057579 | 4211949 | 1904576 | 2307373 |
| ബഡ്സ് സ്കൂൾ | 0 | 200000 | 200000 | 0 | 200000 |
| സാക്ഷരത | 18958 | 521 | 19479 | 0 | 19479 |
| വിമുക്തി | 3000 | 1402671 | 1405671 | 1366671 | 39000 |
| സാനിട്ടേഷൻ | 117094 | 0 | 117094 | 0 | 117094 |
| കേരളോത്സവം | 0 | 15500 | 15500 | 15500 | 0 |
| പകർച്ചവ്യാധി പ്രതിരോധം | 0 | 100000 | 100000 | 54948 | 45052 |
| മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | | | | | |
| നബാർഡ് | 129698 | 0 | 129698 | 0 | 129698 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 94817438 | 132 | 62298207 | 0 | 48 | 73.33 |

കോവിഡ് പ്രതിസന്ധി പദ്ധതിരൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിരുന്നുവെങ്കിലും വിഭാവനം ചെയ്തരുന്ന പ്രൊജക്ടുകളിൽ ബഹുഭൂരിപക്ഷവും നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമസഭകളും വർക്കിംഗ് ഗ്രൂപ്പുകളും പരിമിതമായ രീതിയിലാണെങ്കിലും ചേർന്നിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളും കോവിഡ് നിയന്ത്രണപ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് തുല്യ പ്രാധാന്യം നല്കി നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങളിൽനിന്നും വ്യക്തമാകുന്നു. ജില്ലാ പഞ്ചായത്തുമായി ചേർന്ന് ഡയാലിസിസ് രോഗികൾക്കായും ക്യാൻസർ രോഗികൾക്കായും പ്രത്യേകം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കിടപ്പ് രോഗികൾക്കായുള്ള പാലിയേറ്റീവ് കെയർ പ്രൊജക്ടും നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ തരിശ് സ്ഥലത്തെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തരിശ് നെൽകൃഷി, വനിതകൾക്ക് തരിശ് സ്ഥലത്ത് വാഴകൃഷി, തരിശ് കൃഷി കിഴങ്ങ് വിളകൾ, പച്ചക്കറി കൃഷി വികസനം എന്നീ പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.

വാളകം ഗ്രാമപഞ്ചായത്ത് മാർ സ്റ്റീഫൻ ഹയർ സെക്കൻഡറി സ്കൂളിൽ ഡൊമിസിലറി കെയർ സെന്റർ പ്രവർത്തിച്ചിരുന്നതായും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കമ്യൂണിറ്റി കിച്ചണുകൾ നടത്തിയിരുന്നതായും ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 219608 | 601522 | 821130 | 807014 | 14116 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 17780508 | 17780508 | 17780508 | 0 |
| ആകെ | 219608 | 18382030 | 18601638 | 18587522 | 14116 |

RP 31 ഷെഡ്യൂൾ പ്രകാരം ഭരണച്ചെലവ് 8,06,922/- രൂപയാണ്. എന്നാൽ, RP36 ഷെഡ്യൂൾ പ്രകാരമുള്ള 92/- രൂപ ബാങ്ക് ചാർജസ് കൂടി ഉൾപ്പെടെ ആകെ ഭരണച്ചെലവ് 8,07,014/- രൂപയാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2020-21 വർഷത്തിലെ ഷെൽഫ് ഓഫ് പ്രൊജക്ടിൽ 596270 തൊഴിൽദിനങ്ങൾ വിഭാവനം ചെയ്തിരുന്ന (ഷെൽഫ് ഓഫ് പ്രൊജക്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിദഗ്ദ, അർദ്ധ, അവിദഗ്ദ തൊഴിൽ ദിനങ്ങൾ പ്രത്യേകമായി കാണിച്ചിട്ടില്ല.) തൊഴിലുറപ്പ് പദ്ധതിയിൽ 1987 കുടുംബങ്ങളിലായി ആകെ 2391 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൻവർഷം 44083 തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും 342 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

വാർഷിക കണക്കിലെ അപാകം.

വാർഷിക കണക്കുകളിലെ രേഖപ്പെടുത്തൽ പ്രകാരം ദേശീയ ഗ്രാമീണ പദ്ധതിയിലെ മുൻബാക്കി 2,19,608/-രൂപയാണ്. തൻവർഷ വരവ് 1,85,87,522/- രൂപയുമാണ്. (I-6 പ്രകാരം.)നീക്കിബാക്കിയായി 14,116/- രൂപയും,(ആർ പി 40 ബി)യിൽ കാണിച്ചിട്ടുണ്ട്. എന്നാൽ RP 16 ൽ ചെലവായി കാണിച്ചിരിക്കുന്നത് 8,06,922/- രൂപ മാത്രമാണ്.

മുൻകൂർ തുക തിരികെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

വാർഷിക ധനകാര്യ പത്രികയുലെ B 18 പത്രിക പ്രകാരം 5,54,139/- രൂപ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും മുൻകൂറായി നൽകിയിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചാത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കിയതന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കാർഷിക മേഖലയുമായി സംയോജിപ്പിക്കൽ.

എം എൻ ആർ ഇ ജി എസ് പദ്ധതികളുടെ വാർഷിക മാസ്റ്റർ സർക്കുലർ (2020-21) ഖണ്ഡിക 6 പ്രകാരം തൊഴിലുറപ്പ് പദ്ധതികൾ കാർഷിക മേഖലകൾ ഉൾപ്പെടെയുള്ള വിവിധ മേഖലകളുമായി സംയോജിപ്പിക്കേണ്ടതിന്റെ സാധ്യതകൾ പരിശോധിക്കണമെന്ന് പറയുന്നു. കാർഷിക മേഖലയിൽതന്നെ നെൽകൃഷി, തെങ്ങ് കൃഷി, റബ്ബർ കൃഷി മുതലായ മേഖലകളുമായി സംയോജിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറയുന്നുണ്ട്. ഇവയിൽ തരിശുഭൂമി നെൽകൃഷി ക്ക് യോഗ്യമാക്കുന്ന പ്രവർത്തി 2020-21 വർഷത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. പാട്ടക്കരാർ വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. ഇങ്ങനെ കൃഷിയോഗ്യമാക്കപ്പെടുന്ന സ്ഥലങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ കൃഷിക്ക് ലഭ്യമാകാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഈ മേഖലയുമായുള്ള സംയോജന സാധ്യതകൾ പരിമിതപ്പെടുന്നതായി ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് അധികൃതർ വ്യക്തമാക്കുകയുണ്ടായി. ഇക്കാര്യത്തിലേക്ക് കൂടി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

റബ്ബർ, നാളികേര മേഖലകളുമായി തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിച്ചതായും കാണുന്നില്ല. ഈമേഖലകളിൽ ചെറുകിട നാമമാത്ര കർഷകരുടെ കൃഷിയിടങ്ങളിൽ കാർഷിക പ്രവർത്തിചെയ്യുന്നതിന് നിലവിലുള്ള തൊഴിലുറപ്പ് നിയമങ്ങൾ അനുവദിക്കുന്നുണ്ട്. ഇക്കാര്യത്തിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8055100 | 542 |
| വിധവാപെൻഷൻ | 8881600 | 592 |
| വാർദ്ധക്യകാലപെൻഷൻ | 18528300 | 1291 |
| വികലാംഗപെൻഷൻ | 2925300 | 191 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 657900 | 45 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,526/- രൂപയുടെ ക്യാഷ് ബാലൻസിന്റെ

കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2020 | 03/2020 മുതൽ 09/2020 വരെ | 20.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2016 | 2011-12 മുതൽ 2015- 16 വരെ | 19.07.2016 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഫയലുകളുടെ തീർപ്പാക്കൽ

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും തീർപ്പാക്കലും സംബന്ധിച്ച വിവരങ്ങളും സൂചികയിൽ നിന്നും ലഭ്യമാണ്. എന്നാൽ, പ്രോജക്റ്റ് ഫയലുകളിൽ കൃത്യമായ ഓഫീസ് നോട്ട് എഴുതി സൂക്ഷിക്കുന്നില്ല. ബില്ലുകളും, അനുബന്ധ രേഖകളും സൂക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്.

പദ്ധതി മോണിറ്ററിംഗ്

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംഗ് വർക്കിംങ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല.

ആസ്തി രജിസ്റ്ററിന്റെ പരിപാലനം

ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറ്റുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ഇനിയും ആസ്തിയിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്നു.

## 1-11 ഓഡിറ്റ് ഇംപാക്റ്റ്

താഴെ പറയുന്ന പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്ത് സംബന്ധിച്ച അപാകതകൾ ഓഡിറ്റ് സമയത്ത് ചൂണ്ടികാണിച്ചതിനെ തുടർന്ന് പരിഹരിച്ചിട്ടുണ്ട്.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര്/ഉടമ | ഈടാക്കിയ ഫീ/ രസീത് നം/തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 27/20-21 | ജോസ് ചെറിയാൻ , പനന്താനം/പനന്താനം മോട്ടോർ ഇൻഡസ്ട്രീസ് | 300/- 121020100759 /12.8.21 | 12.8.21 ലെ 1ാം നമ്പർ എൻക്വയറിയിലൂടെ അടവാക്കി. |
| 2 | 25/20-21 | സന്ദ വിൻസന്റ് ,ന്യൂ ജവാൻ ഓട്ടോ മൊബൈൽസ് | 2000/- 121020100757 /12.8.2021 | നേരിട്ടുള്ള അന്വേഷണ ത്തിലൂടെ അടവാക്കി. |
| | ആകെ | | 2300/- | |

## 1-12 സ്റ്റേഷനറി, ഫോമുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 വകുപ്പ് 150 (C), 152 പ്രകാരം ബുക്കുകൾ, സ്റ്റേഷനറി, ഫോമുകൾ എന്നിവയ്ക്ക് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അവ ലഭിക്കുന്ന സമയത്തും നൽകുന്ന സമയത്തും അതിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലേക്ക് വാങ്ങുന്ന ബുക്കുകൾ, സ്റ്റേഷനറി, ഫോമുകൾ എന്നിവയുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ടെണ്ടർ ഫോം, മെഷർമെന്റ് ബുക്കുകൾ മുതലായവ വിതരണം ചെയ്യുമ്പോൾ അവ ആർക്കെല്ലാമാണ് നൽകുന്നതെന്ന വിവരം രേഖപ്പെടുത്തുന്നില്ല കൂടാതെ ഇവ സ്റ്റോക്കിൽ നിന്നും കുറവ് വരുത്തുകയും ചെയ്യുന്നില്ല. ഉദാഹരണത്തിനായി കഞ്ചിക്കോട് ഗ്രാമ ലക്ഷമി മുദ്രാലയത്തിൽ നിന്നും 19.01.2019 ലെ PGT/GSTINV/1635/2018-19 ബിൽ നമ്പർ പ്രകാരം വാങ്ങിയ വിവിധ ഇനങ്ങളിലുള്ള 43 തരം ഫോമുകളും രജിസ്റ്ററുകളും, 03.02.2021 ലെ PGT/GSTINV/2307/2020-21 ബിൽ നമ്പർ പ്രകാരം വാങ്ങിയ വിവിധ ഇനങ്ങളിലുള്ള 44 തരം ഫോമുകളും രജിസ്റ്ററുകളും ഇത്തരത്തിലാണ് സ്റ്റോക്ക്

രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കുകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുകയില്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിന് അനുസരിച്ച് കുറവ് വരുത്തി ഓരോ ഇനത്തിന്റെയും സ്റ്റോക്കിന്റെ കൃത്യത ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 -A തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്

1) വാളകം ക്ഷീരോൽപാദന സഹകരണ സംഘത്തിലെ ജീവനക്കാരുടെ 2020-2021 രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. രണ്ട് അർദ്ധവർഷങ്ങളിലേയും പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ നൽകുന്നു.

| പേര് | അടിസ്ഥാന വേതനം (A) | ഡി എ (B) | ആകെ വേതനം 6*(A+B) | ഈടാക്കിയ നികുതി | ഈടാ ക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| ധന്യമോൾ പൗലോസ് | 5500 | 1100 | 33000 | 180 | 300 | 120 |
| അനിൽ ജോൺ | 4500 | 900 | 32400 | 180 | 300 | 120 |

2) സെന്റ്. മേരീസ് പബ്ലിക് സ്കൂളിലെ ജീവനക്കാരിയായ ശ്രീമതി സിംജ പോൾ-ന്റെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| അടിസ്ഥാന വേതനം | ആകെ വേതനം | ഈടാക്കിയ നികുതി | ഈടക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|
| 7500 | 45000 | 300 | 450 | 150 |

ക്രമ നം. 1, 2 പ്രകാരം ആകെ ഈടാക്കാനുള്ള തുക =390 രൂപ

കുറവ് വന്ന തുക ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.12/26.8.2021) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13-B തൊഴിൽ നികുതി അപാകതകൾ

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204).

1) വി കെയർ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് എന്ന സ്ഥാപനത്തിന്റെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21സാമ്പത്തിക വർഷത്തെ (2 അർദ്ധവർഷത്തേയും) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസ ൻസ് നം. | കെട്ടിട ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാ രുടെ എണ്ണം |
|---|---|---|---|---|
| 1 | 1/20-21 | നിശാന്ത് സണ്ണി, കടിയിരിക്കൽ | ഗ്രീൻ ഹബ് എഞ്ചിനീറിംഗ് കോൺട്രാക്ടേഴ്സ് | 6 |
| 2 | 11/20-21 | സിജു വർഗീസ്, കോതേയ്ക്കൽ | ഒയാസിസ് പാക്കേജഡ് ഡ്രിങ്കിംഗ് വാട്ടർ | 8 |
| 3 | 16/20-21 | ലീല കൃഷ്ണൻ, പുറമന | ദിവ്യ ഇൻഡസ്ട്രീസ് & എൽ കെ സ്മാർട്ട് പാർക് | 7 |
| 4 | 19/20-21 | കുമാരി കെ കെ, തുറവയ്ക്കൽ | കെ കെ ബ്രിക്സ് | 7 |
| 5 | 24/20-21 | കെ എം ജോയി, കാഞ്ഞിരത്തിങ്കൽ | കെ എം ടിമ്പേഴ്സ് | 6 |
| 6 | 66/20-21 | ജോബിൻ പീറ്റർ, കുന്നാനിക്കൽ | മേരി മാതാ ബുക്ക് ബൈന്റിങ് ഇൻഡസ്ട്രീസ് | 9 |
| 7 | 70/20-21 | അസീസ് എം എം, മുണ്ടയ്ക്കൽ | പെട്രോൾ പമ്പ് | 7 |
| 8 | 83/20-21 | ഷിനു രാജൻ , മാടേയ്ക്കൽ | ഗുഡ് ലുക്ക് കാർ ഡീറ്റൈലിങ് സെന്റർ | 7 |
| 9 | 97/20-21 | സജി പി കെ , പൂത്തോട്ടിൽ | സതേൺ ഒർഗാനോഫോസ്ഫേറ്റ് | 6 |

| | | | | |
|---|---|---|---|---|
| 10 | 130/20-21 | ജോയി വർഗീസ്, നെല്ലിക്കൽ | ജിയോ ഗാർമെന്റ്സ് | 6 |
| 11 | 140/20-21 | ആലീസ് പൗലോസ്, കര്യാലത്തോട്ടത്തിൽ | ഹെയിൻസ് ഇൻഫ്രാസ്ട്രക്ച്ചർ (റോഡ് സേഫ്റ്റി പ്രോഡക്റ്റ്സ്) | 10 |
| 12 | 173/20-21 | ഷീന ജിതിൻ, തടത്തിൽ | ജാക്ക് &ജോൺസ് (കുട്ടികളുടെ വസ്ത്ര നിർമാണം) | 9 |
| 13 | 180/20-21 | ആദിത്യ സുനിൽ, ഉത്രാടം | ക്വാലിറ്റി സൂപ്പർ മാർക്കറ്റ് | 6 |
| 14 | 205/20-21 | പാർവതി എസ്, പ്ലാങ്കുടി | ദേവിശങ്കരി ഫ്യൂവൽസ് | 6 |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ കൂടാതെ 2/20-21, 8/20-21, 26/20-21, 27/20-21, 28/20-21, 29/20-21, 34/20-21, 47/20-21, 55/20-21, 75/20-21, 78/20-21, 81/20-21, 88/20-21, 91/20-21, 136/20-21, 141/20-21, 207/20-21, 211/20-21, 215/20-21 എന്നീ ലൈസൻസ് നമ്പറുകളിലുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻ.നം.12/26.8.2021, എൻ.നം.7/17.8.2021) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക അടവാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ.(എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 4/90 A | പൗലോസ് കത്തനാർ, നെടുംകുഴിയിൽ | പാർപ്പിടം |
| 2 | 4/74 A | മിജോ മാത്യു, പാലക്കുഴയിൽ | പാർപ്പിടം |
| 3 | 6/ 1 C, 6/1 D, 6/1 E | രാജമ്മ പൊന്നപ്പൻ, എള്ളൂർകുടിയിൽ | പാർപ്പിടം, വാണിജ്യം |
| 4 | 8/303 C | സണ്ണി എ ഐ, അറ്റൂർ | പാർപ്പിടം |
| 5 | 9/147 B | ബിനോയ് പി വി, പുറമന | വാണിജ്യം |
| 6 | 10/73 A | ദിന കൃഷ്ണൻ, പുറമന | വാണിജ്യം |

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻ.നം.20/31.8.2021) ഒറ്റത്തവണ നികുതി അടവാക്കാത്ത ഉടമകൾക്ക് ആയത് അടവാക്കി രസീത് ഹാജരാക്കുവാൻ കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ഇതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ക്രമവൽക്കരണ ഫീ ഈടാക്കിയതിൽ കുറവ് (2020-21)

2019 -ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 പ്രകാരം അംഗീകൃത പ്ലാൻ കൂടാതെയോ, വ്യതിചലിക്കപ്പെട്ട പ്ലാൻ കൂടാതെയോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയോ, നടത്തിക്കൊണ്ടുപോവുകയോ, പൂർത്തിയാക്കുകയോ ചെയ്താൽ അപ്രകാരമുള്ള നിർമ്മാണങ്ങൾ രാജിയാക്കൽ ഫീസ് ഈടാക്കി ക്രമപ്പെടുത്തേണ്ടതാണ്. പ്രാബല്ല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ചട്ടം 95(4). പട്ടിക II പ്രകാരം നോൺ റസിഡൻഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും റസിഡൻഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയുമാണ് പെർമിറ്റ് ഫീസ് .

1) ഗ്രാമപഞ്ചായത്തിലെ തഥാസ്തു സാറ്റ്സാങ് ഫൗണ്ടേഷന്റെ സർവേ നം. 116/1-8 ലെ 7.66 ആർ സ്ഥലത്തിൽപ്പെട്ട 302.79 ച.മീ A2-റസിഡൻഷ്യൽ ഗണത്തിൽപ്പെട്ട കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനുള്ള 15.1.21 ലെ അപേക്ഷയിൽ ക്രമവൽക്കരണ ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| കെട്ടിട വിസ്തീർണ്ണം (ച.മീ) | പെർമിറ്റ് അനുവദിച്ചത് (ച.മീ) | ക്രമവൽ ക്കരിച്ചത് (ച.മീ) | ക്രമവൽക്കരണ ഫീ ഈടാക്കിയത് /രസീത് നം/ തീയതി | ക്രമവൽ ക്കരണ ഫീ ഈടാ ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 302.79 | 125.28 | 177.51 | 2485രൂപ/ 121020100637/ 7.8.21 | 177.51*20 =3550 | 1065 |

ക്രമവൽക്കരണ ഫീസിനത്തിൽ ഈടാക്കുവാനുള്ള ആകെ തുക =1065/- രൂപ

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 9/25.8.21) മറുപടി ലഭ്യമായിട്ടില്ല. ക്രമവൽക്കരണ ഫീസിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 1065/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസ്- അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് (സെക്ഷൻ -232(1)) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ള തോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും ഉപയോഗിക്കുവാൻ പാടില്ല. പഞ്ചായത്തിന്റെ അനുമതി കൂടാതെയും അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഏതെങ്കിലും ഫാക്ടറിയോ, വർക്ക്ഷോപ്പോ, പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാൻ പാടില്ല. (കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233എ)

ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളിൽ നിന്നും 31.7.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം 31.10.2017 ൽ നിലവിൽ വന്നിട്ടുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10, ഷെഡ്യൂൾ II പ്രകാരമുള്ള ഫീസ് ഈടാക്കാവുന്നതുമാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽനിന്നും 2020-21 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി (രണ്ട് അർദ്ധവർഷങ്ങളിലേയും) ഈടാക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ടി സ്ഥാപനം 2020-21 വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ തൊഴിൽനികുതി (2020-2021)/രസീത് നം./തീയതി |
|---|---|---|
| വയലറ്റ് ഓട്ടോ മൊബൈൽസ് പ്രൈ.ലിമിറ്റഡ് | 20 (ഒന്നാം അർദ്ധവർഷം) 28 (രണ്ടാം അർദ്ധവർഷം | 10530/- 120020500017/30.10.2020 (ഒന്നാം അർദ്ധവർഷം) 17700/- (120020500042/27.3.21) (രണ്ടാം അർദ്ധവർഷം |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/18.8.21) ലഭ്യമായ മറുപടിയിൽ ടി സ്ഥാപനം 2020-21 വർഷത്തിൽ പ്രവർത്തനം തുടങ്ങിയതാണെന്നും ലൈസൻസ് വാങ്ങാതെ പ്രവർത്തിക്കുന്നതിന് 24.8.21 ന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ലൈസൻസ് എടുത്തതിനു ശേഷം

മാത്രം പ്രവർത്തനം തുടരുന്നതിന് സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. 28 ൽപരം ജീവനക്കാരുള്ള ടി സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തനം തുടങ്ങിയത് ചട്ട വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-17 തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം | S0005/21 |
| നിർവഹണം | സെക്രട്ടറി |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 500000/- |
| ചെലവ് | 498269/- |
| ചെക്ക് നം. | 17/2020-21, തീ. 10.11.2020<br>29/2020-21, തീ. 17.03.2021 |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇ-ടെൻഡറിൽ ഏറ്റവും കുറവ് നിരക്ക് ടെൻഡർ ചെയ്ത അഭിലാഷ് കെ എസ് എന്ന ഇലക്ട്രിക് കോൺട്രാക്ടറെ തെരഞ്ഞെടുക്കുകയും, തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിന് 3,45,269/- രൂപയും, തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 1,53,000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ, തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പലതും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1. ആസ്തി രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവും, ലൈറ്റുകൾ സ്ഥാപിച്ച തീയതിയും, അവയുടെ റീപ്ലേസ്മെന്റ് വാറന്റി കാലാവധി, സർവീസ് വാറന്റി കാലാവധിയും, രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഏതെല്ലാം ഇനം ലൈറ്റുകൾ എത്രയെണ്ണം വീതമുണ്ടെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. കൂടാതെ നിലവിൽ റീപ്ലേസ്മെന്റ് വാറന്റി കാലാവധിയും, സർവീസ് വാറന്റി കാലാവധിയും അവസാനിക്കാത്ത ലൈറ്റുകളും മാറ്റി സ്ഥാപിച്ച് അവയ്ക്ക് എ.എം.സി തുക നൽകുന്നുണ്ടോ എന്ന് പരിശോധിക്കുവാനും സാധിക്കുന്നില്ല.
2. പരാതി രജിസ്റ്റർ: തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ എ.എം.സി തുക നൽകുകയാണ് ചെയ്തു വരുന്നത്.
3. നോഡൽ ഓഫീസർ: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്, തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പായിട്ടില്ല.
4. സർക്കുലർ നം. 65529/ഡി.സി.3/12/തസ്വഭവ. തീ.12-3-2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. കെ.എസ്.ഇ.ബി. സാങ്കേതിക സഹായം നല്കുന്നതാണ്. എന്നാൽ പഞ്ചായത്തിൽ പൂർണ്ണമായും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിച്ചിട്ടില്ല.
5. നിലാവ് പദ്ധതി : സ.ഉ.(സാധാ)1784/2020/തസ്വഭവ തീയതി 29.09.2020 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റുന്നതിനുള്ള നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 18/27.08.2021) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ തെരുവ് വിളക്ക് പരിപാലനം പദ്ധതി നടപ്പാക്കുമ്പോൾ മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ ) - പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് - ജില്ലാ ശുചിത്വമിഷന്റെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഒഡിഎഫ് പ്രവർത്തനങ്ങൾക്കും, കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും, ഒ.ഡി.എഫ് പ്ലസ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ ) - Performance Based Incentive Grant (PBIG) പഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്ററുടെ 18.01.19 ലെ 100 / SBM (G) / IHHL / 18 നമ്പർ നടപടിക്രമങ്ങൾ പ്രകാരം PBIG ക്ക് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും ഇപ്പോൾ അനുവദിക്കുന്ന PBIG തുക പുതിയ അക്കൗണ്ടിലേക്ക് എത്രയും വേഗം പിൻവലിച്ച് നിക്ഷേപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനായി പ്രത്യേക ക്യാഷ് ബുക്കും സൂക്ഷിക്കേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തിനും ലഭിക്കുന്ന ഗ്രാന്റ് വിഹിതത്തിന്റെ വിനിയോഗവിവരം സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കാനും നിർദേശിച്ചിരുന്നു.

മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പ്രകാരം 31.03.2021 വരെ വാളകം ഗ്രാമപഞ്ചായത്തിന് 2086579/- രൂപ ലഭിച്ചിട്ടുണ്ട്. ലഭിച്ച തുകയിൽ 16,57,693/- രൂപ ബിൽ നം. 73/24.03.2021 പ്രകാരം ജില്ലാ ശുചിത്വ മിഷൻ പ്രോജക്റ്റ് ഡയറക്ടർക്കും, ബിൽ നം. 80/29.03.2021 പ്രകാരം 1,06,886/- രൂപ S273/21 പ്രോജക്ടിൽ കടാതി യുപി സ്കൂളിൽ ടോയ്‌ലെറ്റ് നിർമ്മാണം എന്ന പ്രവർത്തിക്കും വിനിയോഗിച്ചിട്ടുണ്ട്.

2020-21 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ PBIG ക്ക് പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല. എസ്ബിഐ മൂവാറ്റുപുഴ ബ്രാഞ്ചിലെ തനതുഫണ്ട് അക്കൗണ്ടിലാണ് (അക്കൗണ്ട് നം. 67381133416) ഗ്രാന്റ് തുക നിക്ഷേപിച്ചിരിക്കുന്നത്. കൂടാതെ പി.ബി.ഐ.ജി ഗ്രാന്റിന് പ്രത്യേക ക്യാഷ്ബുക്കും സൂക്ഷിക്കുന്നില്ല. എന്നാൽ, 13.04.2021ന് മൂവാറ്റുപുഴ സൗത്ത് ഇൻഡ്യൻ ബാങ്കിൽ പ്രത്യേക അക്കൗണ്ട് (അക്കൗണ്ട് നം. 0132050000047515) ആരംഭിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചതിന് ശേഷമുള്ള ബാക്കി ഗ്രാന്റ് തുക പ്രസ്തുത അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. തുക ചെലവാക്കിയതിന്റെ വിനിയോഗ വിവരം സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കുകയും ചെയ്തിട്ടില്ല.

പ്രത്യേക അക്കൗണ്ടിലേക്ക് ഗ്രാന്റ് തുക മാറ്റി നിക്ഷേപിക്കുകയും, പി.ബി.ഐ.ജിക്ക് പ്രത്യക ക്യാഷ് ബുക്ക് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, ചെലവാക്കിയ തുകയുടെ വിനിയോഗ വിവരം സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 1-19 ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രവൃത്തികൾ നടപ്പാക്കൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0176/19 |
| നിർവഹണം | സെക്രട്ടറി |
| ഫണ്ട് | തനതുഫണ്ട് |
| അടങ്കൽ | 177560/- |
| ചെലവ് | 107745/- |

ഓഫീസിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ഐഎസ് ഒ സർട്ടിഫിക്കേഷൻ നേടുകയും, അതുവഴി പൊതുജനങ്ങൾക്ക് വേഗത്തിലും, കാര്യക്ഷമമായും സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. മേൽ സൂചിപ്പിച്ച പദ്ധതിയിൽ 41,900/- രൂപ വിവിധ വ്യക്തികൾക്ക് വേതനത്തിനായും, 65,845/- രൂപ ഓഫീസിലേക്ക് വിവിധ സ്റ്റോർ/ സ്റ്റേഷനറികൾ വാങ്ങുന്നതിന് വേണ്ടിയാണ് വിനിയോഗിച്ചിരിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) ആകെ വാങ്ങിയ സ്റ്റോർ/സ്റ്റേഷനറികൾ ഏതൊക്കെ സെക്ഷന്റെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് വിനിയോഗിച്ചത് എന്ന വിവരങ്ങൾ ഫയലിൽ വ്യക്തമല്ല.

2) ആകെ നൽകിയ വേതനത്തിൽ 20,000/- രൂപ കൃഷ്ണൻകുട്ടി എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട് ആയത് എന്ത് പ്രവൃത്തിക്ക് വേണ്ടിയാണ് നൽകിയതെന്നും, വേതനത്തിന്റെ നിരക്ക് നിശ്ചയിച്ച മാനദണ്ഡവും ഫയലിൽ വ്യക്തമല്ല.

3) 2019-20 വർഷത്തെ സ്റ്റോർ/സ്റ്റേഷനറിയുടെ ബില്ലിന്റെ പകർപ്പുകളും, ദിവസവേതനത്തിന്റെ കൈപ്പറ്റ് രസീതുകളുടെ പകർപ്പുകളും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

4) സ്റ്റോർ/സ്റ്റേഷനറി വാങ്ങിയതിന്റെ, വേതനം നൽകിയതിന്റെ പെയ്മെന്റ് വിവരങ്ങൾ (ബാങ്ക് ചെക്ക് വിവരങ്ങൾ) ലഭ്യമല്ല. ട്രഷറിയിലെ തനതുഫണ്ട് (എൽജിറ്റിഎസ്ബി) അക്കൗണ്ടിൽ നിന്നും 01.01.2021ന് 107745/- രൂപ മേക്കടമ്പ് സർവീസ് സഹകരണ ബാങ്കിലെ തനതുഫണ്ട് അക്കൗണ്ടിലേക്ക് (67307598641) ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്.

5) പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/26.08.2021) മറുപടി ലഭിച്ചില്ല. മുൻവർഷത്തെ പദ്ധതിയേതര ചെലവുകൾ തൻവർഷത്തെ പദ്ധതി ചെലവിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

### 1-20 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S006/21 |
| നിർവഹണം | സെക്രട്ടറി |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 600000/- |
| ചെലവ് | 598000/- |
| ബിൽ നം. | 23/08.02.2021 |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 5,98,000/- രൂപ കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ പിഎച്ച് ഡിവിഷൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള എസ്ബിഐ, മൂവാറ്റുപുഴ ബ്രാഞ്ച് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 57021264195) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 വിവിധ ഉദ്ദേശ ഗ്രാന്റുകൾ ഫലപ്രദമായി ചെലവഴിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക കണക്കുകൾ പ്രകാരം താഴെ കൊടുക്കുന്ന ആവശ്യങ്ങൾക്ക് ലഭിച്ച ഗ്രാന്റുകൾ ഫലപ്രദമായി ചെലവഴിച്ചിട്ടില്ല. ഗ്രാന്റുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | അക്കൗണ്ട് ഹെഡ്സ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| നബാർഡ് ധന സഹായം | 320400101 | 129698 | 0 | 129698 | 0 | 129698 |
| ടോട്ടൽ സാനിറ്റേഷൻ | 320300103 | 117094 | 0 | 117094 | 0 | 117094 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 320200322 | 2154370 | 2057579 | 4211949 | 1904576 | 2307373 |

വൃത്തിയും, വെടിപ്പുമുള്ള ഇന്ത്യയെ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിനായി പദ്ധതികൾ നടപ്പാക്കുന്നതിനും, ശുചീകരണ ബോധവത്കരണത്തിനുമായി അനുവദിക്കുന്ന സാനിറ്റേഷൻ, ശുചിത്വ മിഷൻ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിന്റെ മുൻഗണനാക്രമം അനുസരിച്ചും, സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചും സമയബന്ധിതമായും, കാര്യക്ഷമമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നബാർഡിൽ നിന്നും ലഭിച്ച ധനസഹായവും നിർദ്ദിഷ്ട ആവശ്യത്തിനായി അടിയന്തിരമായി ചെലവഴിക്കേണ്ടതാണ്.

## 1-22 ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.05.2020 ലെ 102/ഡി/2020/എസ് എം (EKM) നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്ക് 1,40,000/- രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത തുക 11.09.2020 ലെ വൌച്ചർ നം. 22000482 പ്രകാരം വാളകം പി.എച്ച്.സി മെഡിക്കൽ ഓഫീസർ മുഖേന ഗ്രാമ പഞ്ചായത്തിലെ 14 വാർഡ് തല സാനിറ്റേഷൻ സമിതികൾക്ക് 10,000/- രൂപ വീതം നൽകിയിട്ടുണ്ട്. ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്ക് അനുവദിച്ച പ്രസ്തുത തുകയുടെ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 27.08.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികൾക്കായി കൈമാറിയിട്ടുള്ള തുകയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനാവശ്യമായ ഉടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 1,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 കോ-ഓഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല

02.06.2017 ലെ സർക്കാർ ഉത്തരവ് നം.1830/2017/ത.സ്വ.ഭ.വ ഖണ്ഡിക 3.3.3.പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ.സി.ഡി.എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓഡിനേഷൻ കമ്മിറ്റി രൂപവൽക്കരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരമൊരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല (എൻക്വയറി നം-14/26.08.21). കോ-ഓഡിനേഷൻ കമ്മിറ്റിയാണ് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടത്. പദ്ധതികൾ സുഗമമായി നടത്താനും ലക്ഷ്യം

കൈവരിക്കാനും ഈ കമ്മിറ്റി പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. സർക്കാർ നിർദ്ദേശമനുസരിച്ച് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-24 പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ

2020-21 വർഷത്തിൽ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ നടപടികൾ യഥാവിധി നടത്തുകയും പ്രവൃത്തി പൂർത്തീകരണം വരെയുള്ള നടപടികൾ യഥാവിധി രേഖപ്പെടുത്തുകയും രേഖകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

എ) പദ്ധതി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്യുന്ന വിധത്തിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിരേഖയിൽ പൊതുമരാമത്ത് പ്രവൃത്തി മേഖലയിലെ വികസനലക്ഷ്യമായി പറഞ്ഞിരിക്കുന്നത് പഞ്ചായത്ത് തലത്തിൽ റോഡുകളുടെ മാപ്പ് തയ്യാറാക്കി നിലവിലുള്ള റോഡ് രജിസ്റ്റർ പുതുക്കുകയെന്നതായിരുന്നു. എന്നാൽ ഈ പ്രവൃത്തി ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്തിട്ടില്ല. മാത്രമല്ല പൊതുമരാമത്ത് രംഗത്ത് വാർഡ് അടിസ്ഥാനത്തിലുള്ള വീതം വെപ്പ് ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ സമഗ്രമായി പരിഗണിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കണമെന്നും അന്തിമപദ്ധതി രേഖയിൽ നിർദ്ദേശിക്കപ്പെട്ടിരുന്നു. എന്നാൽ ഇതിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിൽ തന്നെയാണ് റോഡ് പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നത്. ഇവ 100 മുതൽ 150 മീറ്റർ മാത്രം വരെ ദൈർഘ്യമുള്ളവയാണെന്ന് ഇവയുടെ താരതമ്യേന ചെറിയ തുകകളുടെ എസ്റ്റിമേറ്റിൽനിന്നും മനസ്സിലാക്കാവുന്നതാണ്. (റോഡ് പ്രവൃത്തികളുടെ പ്രൊജക്ടിലോ, എസ്റ്റിമേറ്റിലോ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. ഇത്തരത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനാൽ തയ്യാറാക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ലയെന്ന് മാത്രമല്ല വിവിധ വർഷങ്ങളിൽ റോഡ് പ്രവൃത്തികൾ നടത്തുമ്പോൾ ദൈർഘ്യത്തിന്റെ അളവിൽ Over Lapping ഒഴിവാക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനും സാധിക്കുന്നില്ല.) പ്രവൃത്തികളുടെ എണ്ണത്തിലുള്ള വർദ്ധനവ് മേൽനോട്ടത്തിലുള്ള അപര്യാപ്തതക്കും കാരണമാവുന്നു. പദ്ധതി മാർഗ്ഗരേഖയിലും വാർഷിക പദ്ധതിരേഖയിലും നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഗ്രാമപഞ്ചായത്തിനെ സമഗ്രമായി പരിഗണിച്ചുകൊണ്ടുള്ള മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

എ) ടെൻഡർ ഫോറം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

എൽ എസ് ജി ഡി വിഭാഗത്തിൽ ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നടപ്പിലാക്കിയതിൽ ഭൂരിപക്ഷം പ്രവൃത്തികളും മാനുവൽ ടെൻഡർ മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ടെൻഡർ ഫോം സ്റ്റോക്ക് രജിസ്റ്റർ തന്നെ അപൂർണ്ണമായതിനാൽ എത്ര ടെൻഡർ ഫോറങ്ങൾ എൽ എസ് ജി ഡി സെക്ഷനിലേക്ക് നൽകിയിട്ടുണ്ടെന്നുള്ളതും വ്യക്തമല്ല. ടെൻഡർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ പാലിക്കേണ്ടതാണ്.

ബി) കരാർ ഉടമ്പടി സമയനിഷ്ഠ ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

2012 ലെ പൊതു മരാമത്ത് മാന്വൽ പ്രകാരം (2009.6) സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാരൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനുള്ളിൽ കരാർ ഉടമ്പടി ചമക്കേണ്ടതുണ്ട്. തുടർന്നുള്ള 10 ദിവസങ്ങൾക്കുള്ളിൽ 1% പിഴയോടെ കരാർ ഉടമ്പടി ചമക്കാമെന്നും അല്ലാത്തപക്ഷം കരാറുകാരനെ ഒഴിവാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. രജിസ്റ്റേഡ് തപാലായി സെലക്ഷൻ നോട്ടീസ് അയക്കുകയാണെങ്കിൽ നോട്ടീസ് അയച്ച തീയ്യതി മുതൽ കാലയളവ് കണക്കാക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പറ്റിയിരിക്കുന്ന തീയ്യതി രേഖപ്പെടുത്താത്തതിനാൽ നിശ്ചിത ദിവസത്തിനകമാണോ കരാർ ഉടമ്പടി ചമക്കപ്പെട്ടതെന്ന് വ്യക്തമല്ല. അതുപോലെതന്നെ തപാൽ മാർഗ്ഗമാണോ നോട്ടീസ് നൽകിയതെന്നും വ്യക്തമാക്കിയിട്ടില്ല. ഇക്കാരണത്താൽ നോട്ടീസ് തീയ്യതിക്ക് ശേഷം 24 ദിവസത്തിന് ശേഷവും താഴെ കാണിച്ചിരിക്കുന്നത് പോലെ പല പ്രവൃത്തികളുടെയും കരാർ ഉടമ്പടി ചമച്ചതായി കാണുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നം. | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് നം/തീയ്യതി | കരാർ ഉടമ്പടി ചമച്ച തീയ്യതി |
|---|---|---|---|---|
| 1 | കരമഠത്തിൽ -ആയത്തിപൊയിൽ റോഡ് ടൈൽ വർക്ക്(115/21) | മോൻസി അബ്രഹാം | 21/2020 തി.13.7.2020 | 21.8.2020 |
| 2 | പുഞ്ചിരിപ്പടി -കല്ലോലിത്താഴം റോഡ് (189/21) | പോൾ സി ഐസക്ക് | 17/20 തി.13.7.2020 | 13.8.2020 |

കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി രേഖപ്പെടുത്തുകയോ, തപാൽ മാർഗ്ഗം അയച്ചവയാണെങ്കിൽ

തീയ്യതി രേഖപ്പെടുത്തി നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് മാത്രം കരാർ ഉടമ്പടി ചമക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സി) ടെൻഡർ ഫീ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിരിക്കുന്നത് നാളിതുവരെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം

വാളകം ഗ്രാമപഞ്ചായത്തിന്റെ 1996-97 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മാത്രമാണ് പൂർണ്ണമായും തീർപ്പാക്കിയിട്ടുള്ളത്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും, മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഭാഗീകമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 120000 | നെൽകൃഷി വികസനം (S0175/2021) | 120000 | 0 |
| | 2020-21 | 400000 | ലൈഫ് ഭവനപദ്ധതി (S221/2021) | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 513200 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S145/2021) | 513200 | 0 |
| | 2020-21 | 73983 | ബഡ്സ് സ്കൂൾ നടത്തിപ്പ് ((S0145/2021) | 73983 | 0 |
| | 2020-21 | 126406 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S0185/2021) | 126406 | 0 |
| | 2020-21 | 50000 | പച്ചക്കറികൃഷി വികസനം (S0217/2021) | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 637500 | നെൽകൃഷി വികസനം (S059/2021) | 637500 | 0 |
| | 2020-21 | 318750 | നെൽകൃഷി വികസനം (S175/2021) | 318750 | 0 |
| | 2020-21 | 200000 | ലൈഫ് ഭവനപദ്ധതി (S221/2021) | 200000 | 0 |
| | 2020-21 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S055/2021) | 150000 | 0 |
| | 2020-21 | 74000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S0185/2021) | 74000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടേയും, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S06/21) | 23/08.02.2021 | 598000 | 0 | 598000 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു. ആർ.ഡി. എഫ്.സി | സ.ഉ.നം. 511/2018/ ത.സ്വ.ഭ.വ. 01.01.19 | 2480000 | 2230000 | 307333 | 0 | 1922667 |

വികസനഫണ്ടിന്റെ ഉദ്ഭവത്തിൽ നിന്നുമാണ് തൻവർഷത്തെ വായ്പ തിരിച്ചടവുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിന്റെ ചെലവുകൾS285/2021, S286/2021, S290/2021 S291/2021, എന്നീ പ്രോജക്ടുകളുടെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 3-1 | 9325 | എം എം സുബൈദ, സെക്രട്ടറി | 120020101997/12.11.2020 |
| 2018-19 | 1-17 | 1800 | എം എം സുബൈദ, സെക്രട്ടറി | 120020104035/25.02.2021 |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 3-1, 3-12 | 2005-06 | 2.51.3 | കുടിവെള്ള പരിപാലനം | C3-646 / 30.10.15 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |
| 1995-96 | 7 | 2006-07 | 3.46.1 | മണൽ ലേലത്തുക അടവ് | C/2738 /2010/21.06.10, 25.9.14,04.06.19 എന്നീ തീയതികളിൽ തീർപ്പാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81412798 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81888175.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1455 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 140000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്)

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 140000 | ഡോ.കമൽജിത്ത് ജെ, മെഡിക്കൽ ഓഫീസർ പിഎച്ച്സി |

| | |
|---|---|
| ആകെ | 140000 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരംഇല്ല

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | മെഡിക്കൽ ഓഫീസർ വാളകം പിഎച്ച്സി | കാഞ്ഞിരത്തിങ്കൽ, പാലകൊള്ളി പി.ഒ, സുൽത്താൻ ബത്തേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ(പി 5)1196/98, തീ. 11.06.90 | 2 |
| 1998-99 | എൽ.എഫ്.ഇ(പി 5)1185/03, തീ. 05.12.03 | 1 |
| 1998-99 | എൽ.എഫ്.ഇ(പി 5)421/05, തീ. 10.08.05 | 1 |
| 1999-00 | എൽ.എഫ്.ഇ(പി 5)717/01, തീ. 10.10.01 | 5 |
| 2000-01 | എൽ.എഫ്.ഇ(പി 5)36/02, തീ. 05.02.02 | 10 |
| 2001-02 | എൽ.എഫ്.ഇ(പി 5)1186/03 തീ. 05.12.03 | 9 |
| 2003-04 | എൽ.എഫ്.ഇ(പി 5)1457/08 തീ. 17.03.09 | 2 |
| 2004-05 | എൽ എഫ് ഇ (പി 5)1450/08, തീ. 01.02.10 | 13 |
| 2005-06 | എൽ എഫ് ഇ (പി 5)1456/08, തീ. 17.03.09 | 15 |
| 2006-07 | എൽ എഫ് ഇ (പി 5)1730/07, തീ. 13.12.07 | 23 |
| 2007-08 | എൽ. എഫ്. ഇ. (പി 5)401/09, തീ. 14.01.10 | 34 |
| 2009-10 | എൽ.എഫ്.ഇ(പി8)1864/10 തീ. 3.11.2011 | 21 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ (പി8)594/13 തീ.11.06.2013 | 9 |
| 2012-13,<br>2013-14 | കെ.എസ്.എ-ഇ.കെ.എം(പി8)1761/2014 തീ. 03.03.2015 | 9 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം.(പി14)1309/2016 തീ.05.08.2016 | 6 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14) 44/17, തീ. 25.01.2017 | 7 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി14)1908/17, തീ. 29.11.2017 | 5 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി14)2321/2018, തീ. 19.11.2019 | 5 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി14)136/2020, തീ. 09.03.2020 | 7 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം (പി14)1157/2021 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്